(ബി) പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ, ചില തസ്തികകളിൽ അധിക ചുമതല വഹിക്കുന്നു. അതിനുപുറമെ ഡെപ്യൂട്ടേഷനിലും, ദിവസ വേതനാടിസ്ഥാനത്തിലും, പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുമുള്ള പുനർവിന്യാസം മുഖേനയും ജീവനക്കാർ ഡീലിമിറ്റേഷൻ കമ്മീഷനിൽ ജോലി ചെയ്യുന്നു.

(സി) 5. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരാളും, ഹെഡ് ക്ലാർക്ക് തസ്തികയിൽ നാല് പേരും.

(ഡി) സംഘടനാ ബന്ധം നോക്കിയല്ല ജീവനക്കാരെ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനിൽ നിയമിച്ചിട്ടുള്ളത്.

മുനിസിപ്പൽ കോമൺ സർവ്വീസിൽ പുതിയ തസ്തിക അനുവദിക്കാൻ നടപടി

151 (6069) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് എല്ലാ ജീവനക്കാർക്കും കൊടുത്തുതീർത്തുവോ ; എന്നേക്ക് ഇത് വിതരണം ചെയ്യുമെന്നറിയിക്കാമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ഇനത്തിൽ ഒരു മാസം എത്ര തുകയാണ് പി.എഫ്. അക്കൗണ്ടിൽ വരുന്നത് ;

(സി) പി.എഫ്. ക്രഡിറ്റ് കാർഡ് നൽകുവാൻ സർക്കാരിന്റെ മുന്നിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകൾ കൂട്ടിയോജിപ്പിച്ചതിലും പുതിയ കോർപ്പറേഷൻ മുനിസിപ്പാലിറ്റി രൂപീകരിച്ചതിലുമായി ഉണ്ടായിട്ടുള്ള അധികജോലിഭാരത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ജോലിഭാരം കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് ഗവൺമെന്റ് സർവ്വീസായി പരിഗണിക്കുമോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ക്രഡിറ്റ് കാർഡുകൾ തയ്യാറാക്കി വിതരണം, ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ നടത്തുന്നതിന് 9-9-2009-ലെ ജി.ഒ.(ആർ.റ്റി) നം. 2304/09/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ എല്ലാ നഗരസഭയിലെയും മുഴുവൻ ജീവനക്കാരുടെയും (റഗുലർ/കണ്ടിജന്റ്) പ്രൊവിഡന്റ് ഫണ്ട് വിശദാംശങ്ങളുടെ ഡാറ്റാ എൻട്രി നടത്തി താല്കാലിക കാർഡ് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൻമേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കുകയും ആയത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി നഗരസഭാ സെക്രട്ടറിമാർ അംഗീകരിച്ച് കഴിഞ്ഞാൽ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് അംഗീകരിക്കണം. അപ്രകാരം പരിശോധനയും അംഗീകാരവും നൽകിവരുന്നു. വിട്ടുപോയിട്ടുള്ളവരുടെ (Missing Credit) പി.എഫ്. ഡാറ്റാ എൻട്രി നടത്തിവരുന്നു. എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ മുഴുവൻ പി.എഫ്. കാർഡുകളും സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിലെ നഗരസഭകളിൽ നിന്ന് പ്രതിമാസം ശരാശരി 1,14,00,000 രൂപ സെൻട്രൽ പ്രൊവിഡന്റ് ഫണ്ടിൽ ഒടുക്കിവരുന്നു.

(സി) ഇത്രയുംകാലം വ്യക്തമായ കണക്കുകൾ ലഭ്യമല്ലാത്തതാണ് ക്രെഡിറ്റ് കാർഡ് നൽകാൻ താമസമായത്. ജീവനക്കാരുടെ വർഷങ്ങളായുള്ള പി.എഫ്. ക്രഡിറ്റുകൾ പിൻവലിക്കലുകൾ (With drawals) എന്നിവ വസ്തുനിഷ്ടമായി പരിശോധിച്ച് ആയവ ഡാറ്റാ എൻട്രി ശരിയായി നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഓരോ ജീവനക്കാരുടെയും കണക്കുകൾ ഇപ്രകാരം വസ്തുനിഷ്ടമായി പ്രസ്തുത ജീവനക്കാർ ജോലിനോക്കിയിരുന്ന എല്ലാ നഗരസഭകളിലും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരം പരിശോധനയും അംഗീകാരവും രണ്ട് തലത്തിൽ നടത്തിവരികയാണ്. ഇതാണ് പി. എഫ്. ക്രഡിറ്റ് നൽകുന്നതിൽ കാലതാമസത്തിനുള്ള കാരണം.

(ഡി) 22-1-2001-ലെ ജി.ഒ. (എം.എസ്) നം.17/01/തസ്വഭവ.ഉത്തരവ് പ്രകാരവും 27-5-08-ലെ ജി.ഒ.(എം.എസ്) നം. 145/08/തസ്വഭവ.ഉത്തരവു പ്രകാരവും പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പഠനറിപ്പോർട്ട് നടപ്പിലാക്കുന്നതിനോടൊപ്പം ഇക്കാര്യവും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഒഴിവുള്ള സീനിയർ സൂപ്രണ്ട് തസ്തികകൾ

152 (6070) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകൾ ഉടനടി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly